**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** | **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പുകളെ സംബന്ധിച്ച് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി വികസന ഓഫീസിലെ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ കമ്മീഷൻ നടത്തിയ ഹിയറിങ്ങിന്റെ അടിസ്ഥാനത്തിൽ, കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന ഓഫീസുകളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗുണഭോക്താക്കളുടെ ധനസഹായം അപഹരിച്ചിട്ടുണ്ടോ, ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് നടന്നിട്ടുണ്ടോ എന്നും കണ്ടെത്തുന്നതിനായി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് മുഖാന്തിരം വിശദമായ പരിശോധന സംസ്ഥാനതലത്തിൽ നടത്തണമെന്ന് ശുപാർശ ചെയ്തിരുന്നു. കമ്മീഷന്റെ ടി റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്നതിന് മുമ്പ് തന്നെ ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വിശദമായ അന്വേഷണം നടത്തുന്നതിന് ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പിന് അവസരമൊരുക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇവിടങ്ങളിൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന നടത്തണമെന്ന് കാണിച്ച് കമ്മീഷൻ സർക്കാരിനോട് ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി വികസന ഓഫീസിലെ ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി, പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ കമ്മീഷൻ നടത്തിയ ഹിയറിങ്ങിന്റെ അടിസ്ഥാനത്തിൽ, കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന ഓഫീസുകളിലും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗുണഭോക്താക്കളുടെ ധനസഹായം അപഹരിച്ചിട്ടുണ്ടോ, ധനസഹായ വിതരണത്തിൽ ഇരട്ടിപ്പ് നടന്നിട്ടുണ്ടോ എന്നും കണ്ടെത്തുന്നതിനായി ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് മുഖാന്തിരം വിശദമായ പരിശോധന സംസ്ഥാനതലത്തിൽ നടത്തണമെന്ന് ശുപാർശ ചെയ്തിരുന്നു. കമ്മീഷന്റെ ടി റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്നതിന് മുമ്പ് തന്നെ ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ വിശദമായ അന്വേഷണം നടത്തുന്നതിന് ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. |
| (സി) | പ്രസ്തുത കമ്മീഷന്റെ നിർദ്ദേശാനുസരണം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഈ റിപ്പോർട്ടിൽ കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകളിന്മേൽ പരിഹരിക്കാനുള്ള നടപടികൾ വകുപ്പ്തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ